കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 മാർച്ച് 2, ബുധൻ

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 14

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 2005 മാർച്ച് മാസം 2-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ *268

നിയോജകമണ്ഡലങ്ങളുടെ പുനഃക്രമീകരണം

1 [* 268] ശ്രീ. കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ:

,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളുടെ പുനഃക്രമീകരണത്തിന് ജനസംഖ്യ മാത്രം അടിസ്ഥാനമാക്കുന്നത് പരാതികൾക്ക് ഇടവരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയോജകമണ്ഡലങ്ങളുടെ പുനഃക്രമീകരണത്തിൽ, ബന്ധപ്പെട്ട പഞ്ചായത്തുകളുടെ ഭൂമിശാസ്ത്രപരമായ കിടപ്പും, മറ്റു സമാനതകളും കണക്കിലെടുക്കുന്നതിന് നിർദ്ദേശം നൽകുമോ ;

(സി) നിയോജകമണ്ഡലങ്ങളുടെ പുനഃക്രമീകരണത്തിൽ അവയെ വികസന കേന്ദ്രങ്ങളായി പരിഗണിച്ചുകൊണ്ടുള്ള സമീപനം സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ,

(എ) നിയമസഭാ മണ്ഡലങ്ങളുടെ പുനഃക്രമീകരണം സംബന്ധിച്ച പരാതികൾ കേന്ദ്ര ഡീലിമിറ്റേഷൻ കമ്മീഷനാണ് കൈകാര്യം ചെയ്യുന്നത്.

(ബി) ആന്റ് (സി) ഡീലിമിറ്റേഷൻ ആക്ട് പ്രകാരം കേന്ദ്ര ഡീലിമിറ്റേഷൻ കമ്മീഷനാണ് ഈ പുനഃക്രമീകരണം നടത്തുന്നത്.

ശ്രീ. കെ. കെ. ഷാജു: സർ, 1977-ലാണ് ഇതിനുമുമ്പ് ഡീലിമിറ്റേഷൻ നടന്നത്. 2026-വരെയുള്ള കാലയളവിലാണ് ഇപ്പോൾ നിർദ്ദേശിക്കുന്ന തരത്തിലുള്ള മണ്ഡലങ്ങളായിട്ട് നിലനിൽക്കുക എന്നും പറയുന്നുണ്ട്. ആ നിലയിൽ അവധാനതയോടെയുള്ള പരിശോധനയും തീരുമാനങ്ങളും ഇക്കാര്യത്തിൽ ഉണ്ടാകുന്നു എന്നു ഉറപ്പ് വരുത്താൻ സംസ്ഥാന സർക്കാരിന് എന്ത് പങ്കാണ് വഹിക്കാൻ കഴിയുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഉമ്മൻചാണ്ടി: സർ, ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് നിയമ പരമായ യാതൊരു ഉത്തരവാദിത്തമോ ഇടപെടുന്നതിനുള്ള അധികാരമോ ഇല്ല. ഭരണഘടനപ്രകാരം നിയോജകമണ്ഡലങ്ങളുടെ എണ്ണം 2025 വരെ വർദ്ധിപ്പിക്കരുത് എന്നുള്ളതാണ് വ്യവസ്ഥ. പക്ഷേ നിയോജകമണ്ഡലങ്ങളുടെ അതിർത്തികൾ പുനഃക്രമീകരണം ചെയ്യുന്നതിന് തടസ്സമില്ല. അതുസംബന്ധിച്ച 2002-ലെ ആക്ട് പ്രകാരം 1991-ലെ സെൻസസ്സ് അടിസ്ഥാനമാക്കി ഡീലിമിറ്റേഷൻ നടത്താനാണ് തീരുമാനിച്ചതെങ്കിലും 2001-ലെ സെൻസസ് പ്രകാരം ഡീലിമിറ്റേഷൻ നടത്തുന്നതിനുള്ള ഒരു ഭേദഗതി 2003-ൽ ലോക്സഭയിൽ കൊണ്ടുവന്നു. അതനുസരിച്ച് 2001-ലെ സെൻസസ്സ് പ്രകാരം ഡീലിമിറ്റേഷൻ നടത്തുന്നതിനുള്ള നടപടികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. കെ. ഷാജു: വ്യത്യസ്തങ്ങളായിട്ടുള്ള നിർദ്ദേശങ്ങളും അഭിപ്രായ പ്രകടനങ്ങളുംവഴി നിലവിലുള്ള മണ്ഡലങ്ങളെക്കുറിച്ചും പുതിയ മണ്ഡലങ്ങളെ കുറിച്ചും ഇന്നുണ്ടായിട്ടുള്ള അനിശ്ചിതത്വവും അവ്യക്തതയും ഉടനെ പരിഹരിക്കുവാൻ ഡീലിമിറ്റേഷൻ എന്ന് പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ? വരാൻ പോകുന്ന തെരഞ്ഞെടുപ്പ് ഇതിന് മാനദണ്ഡമായതുകൊണ്ടാണോ നടപ്പിലാക്കുവാൻ പോകുന്നത് എന്നത് സംബന്ധിച്ച് പറയാൻ കഴിയുമോ ?

ശ്രീ. ഉമ്മൻചാണ്ടി: ഈ ഡീലിമിറ്റേഷൻ കമ്മിറ്റിയിൽ റിട്ടയേർഡ് സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് ശ്രീ. കുൽദീപ് സിംഗ് ചെയർമാനും തെരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ. ബി. ബി. ഠാണ്ഠൻ അംഗവുമാണ്. ഇത് എല്ലാ സ്റ്റേറ്റുകളിലും ഒരേ മാനദണ്ഡമാണ്. അതാത് സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് കമ്മീഷണർ എക്സ്-ഒഫിഷ്യോ അംഗവുമാണ്. സംസ്ഥാന നിയമസഭയിലെ 5 അംഗങ്ങൾ അതിലെ മെമ്പർമാരാണ്. സർവ്വശ്രീ. പി. പി. ജോർജ്, എം. പി. ഗംഗാധരൻ, കെ. എൻ. എ. ഖാദർ, കോടിയേരി ബാലകൃഷ്ണൻ, ബിനോയ് വിശ്വം. അതുപോലെ തന്നെ ലോക്സഭയിലെ 5 അംഗങ്ങളും കമ്മിറ്റിയിലുണ്ട്. അവർ കൂടിയിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കുന്നത്. ഞാൻ മനസ്സിലാക്കിയിടത്തോളം ഫെബ്രുവരി 26-ാം തീയതി ഡൽഹിയിൽ കൂടിയ കമ്മിറ്റി അതിന്റെ കരട് രൂപം ഏതാണ്ട് ഫൈനലൈസ് ചെയ്തു. കരട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചശേഷം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്നു സ്ഥലങ്ങളിൽവച്ച് പൊതു ജനങ്ങളുടെ അഭിപ്രായങ്ങൾ, പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ സ്വീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കുമെന്നാണ് മനസ്സിലാകുന്നത്.

ശ്രീ. ഉമേഷ് ചള്ളിയിൽ : സർ, എം.എൽ.എ.മാർ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നവർകൂടിയാണ്. വികസന യൂണിറ്റുകൾ എന്നു പറയുമ്പോൾ എന്റെ നിയോജകമണ്ഡലം കൂടി പരിഗണിക്കണം. കുടിവെള്ളം, വൈദ്യുതി തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ബ്ലോക്ക്-പഞ്ചായത്തുകൾ വികസന വകുപ്പുകൾ ഒരുമിച്ചു വരുന്ന ഒരു ക്രമത്തിലാണ് ഇപ്പോൾ നിയോജകമണ്ഡലങ്ങൾ പുനഃക്രമീകരിച്ചിരിക്കുന്നത്. അതിനാൽ ഈ വികസന യൂണിറ്റുകൾ ഛിന്നഭിന്നമായിരിക്കുകയാണ്. ഇത് നിയോജകമണ്ഡലങ്ങളുടെ വികസനത്തെ ഗുരുതരമായി ബാധിക്കും. ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സർക്കാരിന് സ്വീകരിക്കാൻ കഴിയുക?

ശ്രീ. ഉമ്മൻചാണ്ടി : ഡീലിമിറ്റേഷന്റെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് കാര്യമായിട്ട് ഒന്നും ചെയ്യാനില്ലെന്നു ഞാൻ പറഞ്ഞു കഴിഞ്ഞു. ഇപ്പോൾ നിയോജകമണ്ഡലങ്ങളുടെ പുനഃക്രമീകരണത്തിന് മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത് ഭൂമിശാസ്ത്രപരമായ കാര്യങ്ങളും ജനസംഖ്യയുമാണ്. നിയോജകമണ്ഡലങ്ങളുടെ എണ്ണം കൂടുന്നില്ല. 140 തന്നെയായിരിക്കും. കേരളത്തിലെ നിയോജകമണ്ഡലങ്ങളുടെ ശരാശരി ജനസംഖ്യ മിനിമം രണ്ട് ലക്ഷവും മാക്സിമം രണ്ടരലക്ഷവും ആണ്. അതനുസരിച്ച് കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളും പുനഃക്രമീകരണം നടത്തുന്നതിനുവേണ്ടിയിട്ടുള്ള നടപടികളാണ് ഇതുവരെ ചെയ്തിരിക്കുന്നതെന്നാണ് സംസ്ഥാന ഗവൺമെന്റിന് കിട്ടിയിട്ടുള്ള വിവരം.

ശ്രീ. ഉമേഷ് ചള്ളിയിൽ : സർ, എന്റെ നിയോജകമണ്ഡലത്തിൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി ഒഴിച്ച് മറ്റൊരു പഞ്ചായത്തിനെക്കൂടി ചേർത്താണ് ഡീലിമിറ്റേഷനിൽപ്പെടുന്ന ഒരു മണ്ഡലം ഉണ്ടാക്കിയിരിക്കുന്നത്. ജനസംഖ്യാനുപാതത്തിൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ രണ്ട് ലക്ഷത്തിനുമേൽ വരും. അതിനുപകരം കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയെ മാത്രം ഒഴിവാക്കിയിട്ട് കയ്പമംഗലം പഞ്ചായത്ത് ചേർക്കുന്നതിന് കയ്പമംഗലം എന്നൊരു കോൺസ്റ്റിറ്റ്യുവൻസി ഉണ്ടാക്കണം. ഈ അപാകത പരിഹരിക്കാൻ സർക്കാരിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. ഉമ്മൻചാണ്ടി : സർക്കാരിന് ആ കാര്യത്തിൽ ഒന്നും ചെയ്യാൻ ഒക്കുകയില്ല. അങ്ങയുടെ സഹപ്രവർത്തകരായ ഈ സഭയിലെ അംഗങ്ങളോട് ഈ കാര്യം പറയാം. ഇനിയിപ്പോൾ കരട് രൂപം വന്നു തെളിവെടുക്കുന്ന സമയത്ത് അവിടെ ഈ അഭിപ്രായം പറയാം. കരട് രൂപംവന്ന് തെളിവെടുക്കുന്ന സമയത്ത് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള പരാതികൾ വന്നാൽ അത് പരിഗണിക്കുമെന്നാണ് പൊതുവായിട്ടുള്ള ധാരണ. ഭൂമിശാസ്ത്രപരമായ കാര്യങ്ങളും ജനസംഖ്യയും നോക്കും. ഇതാണ് ഇപ്പോഴത്തെ പരിഗണനയ്ക്കായി വച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ജില്ലകളുടെയും താലൂക്കുകളുടെയും വില്ലേജുകളുടെയും എണ്ണം വ്യത്യസ്തമാണ്. സ്വാഭാവികമായി രണ്ട് അസംബ്ലി നിയോജക മണ്ഡലങ്ങളും രണ്ട് ജില്ലകളും രണ്ട് താലൂക്കുകളും രണ്ട് ബ്ലോക്കുകളും രണ്ട് പഞ്ചായത്തുകളുമൊക്കെ ഒന്നിച്ചു വരുമ്പോൾ അതുണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ തെരഞ്ഞെടുപ്പ് നടത്തേണ്ട ചുമതല സംസ്ഥാന ഗവൺമെന്റിന് ആയതുകൊണ്ട് തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് ഇതിന്റെ ഫലമായി ഉണ്ടാകാൻ ഇടയുള്ള പ്രശ്നങ്ങൾ ഏതെങ്കിലും രീതിയിൽ ഈ കമ്മീഷന് മുമ്പാകെ സംസ്ഥാന ഗവൺമെന്റ് അവതരിപ്പിച്ചിട്ടുണ്ടോ, അതിനുള്ള അവകാശം സംസ്ഥാനഗവൺമെന്റിനില്ലേ?

ശ്രീ. ഉമ്മൻചാണ്ടി : ഒരു നിയോജകമണ്ഡലം രണ്ട് ജില്ലകളിൽ വരാത്ത വിധത്തിലുള്ള ഒരു നിർദ്ദേശമാണ് ഇവർ പരിഗണിക്കുന്നത് എന്നാണ് സംസ്ഥാന ഗവൺമെന്റിന് മനസ്സിലാക്കാൻ സാധിച്ചത്. ഗവൺമെന്റിന് ഇതുസംബന്ധിച്ച് നിയമപരമായി ഒരു അവകാശം ഇല്ല. പക്ഷേ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ഇതിനകത്ത് എക്സ്-ഒഫിഷ്യോ മെമ്പറാണ്. പിന്നെ ഈ സഭയിലെ മെമ്പർമാരുണ്ട് ഇവിടെ നിന്നുള്ള എം.പി.മാരുണ്ട്. അവർക്കൊക്കെ അവരുടെ അഭിപ്രായങ്ങൾ പറയുവാനും ആ അഭിപ്രായങ്ങൾ പ്രായോഗികമായിട്ടുള്ളത് അംഗീകരിക്കാനും സാധിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

ശ്രീ. എം. എ. വാഹീദ് : സർ, ഇപ്പോഴത്തെ ഡീലിമിറ്റേഷനിൽ തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം നിയോജകമണ്ഡലം ഒന്നുമല്ലാത്ത സ്ഥിതിയിലാണ്. ഞാനിപ്പോൾ രാജ്യമില്ലാത്ത രാജ്യത്തിലെ രാജാവായിട്ടാണ് കഴിയുന്നത്. എന്റെ നിയോജകമണ്ഡലം നാല് കീറുകളായിട്ട് പല സ്ഥലങ്ങളിലാണ്. കുറേ ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ, കുറച്ച് തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ, കുറച്ച് വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പിന്നെ നടുക്കുകിടക്കുന്ന കഠിനംകുളം കായലിനോട് ചേർന്നു കിടക്കുന്ന തീരപ്രദേശത്തുള്ള ഒരു പഞ്ചായത്തായ അണ്ടൂർക്കോണം പഞ്ചായത്ത് നെടുമങ്ങാട് നിയോജകമണ്ഡലത്തിന്റെ സഹ്യാദ്രിയിൽ കൊണ്ടുചേർത്തിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെല്ലാം ഇതോടെ താറുമാറാകുന്ന സ്ഥിതിവിശേഷത്തിലാണ്. ഇങ്ങനെ പോയാൽ വരുന്ന കാലഘട്ടങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്താൻ പ്രായോഗികമായി വളരെയധികം ബുദ്ധിമുട്ടുകളുണ്ടാകും. വികസന ഉദ്യോഗസ്ഥന്മാരെ മൂന്നുനാല് നിയോജകമണ്ഡലങ്ങളിലായി വെട്ടിമുറിക്കേണ്ടിവരും. വികസന ബ്ലോക്കുകളെ നാലായി കീറിമുറിക്കേണ്ടിവരും. തിരുവനന്തപുരം ജില്ലയിൽ 14 നിയോജകമണ്ഡലങ്ങളിൽ ഒന്നു കൂടുന്നുമില്ല ഒന്നു കുറയുന്നുമില്ല. രണ്ട് പാർലമെന്റ് മണ്ഡലങ്ങളിൽ ഒന്നു കൂടുന്നുമില്ല കുറയുന്നുമില്ല. ജനസംഖ്യയിലും വ്യത്യാസം വലുതായിട്ടില്ല. ഇങ്ങനെയുള്ള ഒരു സ്ഥിതിവിശേഷത്തിൽ ഒരു ടോട്ടൽ മിസ് ഹാൻഡ്ലിംഗ് നടത്തിയിരിക്കുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് കഴക്കൂട്ടം ഇല്ലെങ്കിൽ നിങ്ങൾക്ക് ഒരു കഴക്കൂട്ടം തരാമെന്നാണ്. ഇത് കേട്ടപ്പോൾ കോടിയേരിയാണോ ഈ ഡ്രാഫ്റ്റ് ഉണ്ടാക്കിയതെന്നു ഞാൻ സംശയിക്കുന്നു. അങ്ങനെ ഏതെങ്കിലും ബാഹ്യശക്തികൾ ഇതിനകത്ത് ഇടപെട്ടിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് തിരുവനന്തപുരം ജില്ലയിലെ

LIBRARY ARCHIVES Kerala Legislative Assembly

14 നിയോജകമണ്ഡലങ്ങളെ വികസന ബ്ലോക്കിന്റെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങളും അതുപോലെ തെരഞ്ഞെടുപ്പ് പ്രവർത്തനവും നടത്തത്തക്ക രീതിയിൽ പുനഃക്രമീകരിക്കുന്നതിന് ഈ കേസിൽ കക്ഷിചേരുവാൻ കേരള സർക്കാർ തയ്യാറാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. ഉമ്മൻ ചാണ്ടി : ഇതിനകത്ത് ബാഹ്യശക്തികളുടെ ഇടപെടൽ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആ കമ്മിറ്റിയിൽ അംഗമാണ്. മറ്റുള്ള അംഗങ്ങളെപ്പോലെ അദ്ദേഹവും അംഗമാണ് എന്നുള്ളതിൽ കവിഞ്ഞ് ഇതിനകത്ത് ബാഹ്യശക്തികളുടെ ഇടപെടൽ ഉള്ളതായി തോന്നുന്നില്ല. പക്ഷേ ഒരു കാര്യം ഞാൻ പറയാം. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ ഇവിടെ പരാതി പറഞ്ഞു. ഡീ-ലിമിറ്റേഷൻ സംബന്ധിച്ച് ഈ സഭയിൽ ഏതെല്ലാം അംഗങ്ങളുമായി ഞാൻ സംസാരിച്ചിട്ടുണ്ടോ അവർക്കെല്ലാം പരാതിയുണ്ട്. ഈ സഭയിൽ എല്ലാ ഭാഗത്തും ഇതു സംബന്ധിച്ച് ഓരോ നിയോജകമണ്ഡലത്തിലുള്ള മാറ്റങ്ങളെക്കുറിച്ച് വേണമെങ്കിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകുമെങ്കിലും മൊത്തത്തിൽ ഡീ-ലിമിറ്റേഷന്റെ കാര്യത്തിൽ അതിന്റെ പ്രായോഗികതയെക്കുറിച്ചും അത് വിന്യസിച്ചിട്ടുള്ളതിനെയുമൊക്കെക്കുറിച്ച് പൊതുവേ എല്ലാ ഭാഗത്തും അഭിപ്രായ വ്യത്യാസമുണ്ട്. നമുക്ക് അത് എങ്ങനെ ഉപയോഗിക്കുവാൻ പറ്റും എന്നുള്ളത് നോക്കണം. കാരണം നമ്മുടെ ഓരോ നിയോജകമണ്ഡലത്തിനും അതിന്റേതായിട്ടുള്ള പശ്ചാത്തലവും വികസന പരിപാടികളും കാര്യങ്ങളുമൊക്കെയുണ്ട്. അപ്പോൾ ഇതിൽ ഏറ്റവും മിനിമം ഡിസ്റ്റൻസ് ആകാമെന്ന ഒരു സമീപനം എടുക്കണമെന്നുള്ളതാണ് വ്യക്തിപരമായ എന്റെ അഭിപ്രായം. ഇവിടെ പാർലമെന്റ് നിയോജകമണ്ഡലങ്ങളുടെ എണ്ണം കൂടുന്നില്ല. അസംബ്ലി നിയോജകമണ്ഡലങ്ങളുടെ എണ്ണവും കൂടുന്നില്ല എന്നുള്ള സാഹചര്യത്തിൽ വളരെ വ്യാപകമായിട്ടുള്ള ഡിസ്റ്റർബൻസ് കൂടാതെ കൊണ്ടുവരാൻ പറ്റുമോ എന്നുള്ളത് നോക്കേണ്ടതുണ്ട്. ഏതായാലും തെളിവെടുക്കുന്ന സമയത്ത് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം ഉണ്ട്. ആ അവസരത്തിൽ ഇതിന്റെ ബുദ്ധിമുട്ടുകൾ കുറയ്ക്കാൻ വേണ്ടി പരമാവധി ശ്രമിക്കും. സർക്കാരിന് ഔദ്യോഗികമായോ നിയമപരമായോ സമിതി ചേരുന്നതിന് ബുദ്ധിമുട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, ഏകീകൃതമായ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനത്തും വ്യത്യസ്ത കാലഘട്ടങ്ങളിലാണ് തെരഞ്ഞെടുപ്പു നടക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ ഈ നിയമം അടുത്ത തെരഞ്ഞെടുപ്പിൽ കേരളത്തിൽ നടപ്പിലാക്കുവാൻ കഴിയുമോ എന്ന കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : ഇതിനു മുമ്പുള്ള ഡീ-ലിമിറ്റേഷൻ 1975-ൽ തുടങ്ങി. ഇതിനോടനുബന്ധിച്ചുള്ള സമയത്താണ് നടത്തിയത്. ഇന്ത്യ ഒട്ടാകെ ഒന്നിച്ചാണ് ആ ഡീ-ലിമിറ്റേഷൻ നടപ്പിലാക്കിയത്. ഇപ്പോഴത്തെ ഡീ-ലിമിറ്റേഷനും ഇന്ത്യയിലെ എല്ലാ പാർലമെന്റ് നിയോജകമണ്ഡലങ്ങളെയും ബാധിക്കുന്ന വിധത്തിലുള്ള ഡീ-ലിമിറ്റേഷന്റെ നടപടികളാണ് തുടങ്ങിയിരിക്കുന്നത്. അപ്പോൾ ഓരോ സംസ്ഥാനത്തിനുംവേണ്ടി പ്രത്യേകം പ്രത്യേകം നടപ്പിലാക്കുന്നതിനു പകരം കഴിഞ്ഞ പ്രാവശ്യത്തെപ്പോലെ ഇന്ത്യ ഒട്ടാകെ ഇത് ഒരേ സമയത്ത് നടപ്പിലാക്കുന്നതാണ് ഇപ്രാവശ്യവും നല്ലത് എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. പക്ഷേ ഇതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് ലോക്സഭയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ : ഡീ-ലിമിറ്റേഷൻ പ്രോസസ്സിനെ സംബന്ധിച്ചല്ല എന്റെ ചോദ്യം. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ ഡീ-ലിമിറ്റേഷൻ കമ്മിറ്റിയിൽ കേരള നിയമസഭയിലെ അഞ്ച് അംഗങ്ങളെ ഉൾപ്പെടുത്തിയ കാര്യം അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി. അവരുടെ പേര് വിവരവും അദ്ദേഹം പറയുകയുണ്ടായി. അവരുടെ കഴിവുകളെ സംബന്ധിച്ചിടത്തോളം എനിക്ക് അഭിപ്രായ വ്യത്യാസമൊന്നുമില്ല. നിയമസഭയുടെ അംഗസംഖ്യ നോക്കിയാൽ കേരളാ കോൺഗ്രസ്സിന് ഒമ്പത് അംഗങ്ങളുണ്ട്. ഞങ്ങളുടെ പ്രതിനിധികളെയാരെയും അതിൽ കണ്ടില്ല. എന്ത് മാനദണ്ഡത്തിലാണ് ഈ അഞ്ചു പേരെ തെരഞ്ഞെടുത്തതെന്നും, ആരാണ് അതിന് ശുപാർശ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ശ്രീ. ഉമ്മൻ ചാണ്ടി: ലോക്സഭയിലെ അംഗങ്ങളെ നിയോഗിക്കുന്നത് ലോക്സഭാ സ്പീക്കറാണ്. സംസ്ഥാന നിയമസഭയിലെ അംഗങ്ങളെ നിയോഗിക്കുന്നത് സംസ്ഥാന നിയമസഭാ സ്പീക്കറാണ്. അതിനകത്ത് തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങളൊന്നുമില്ല. ഈ ഡീ-ലിമിറ്റേഷൻ ആക്ട് പ്രകാരം ലോക്സഭാ സ്പീക്കർക്കും സംസ്ഥാന നിയമസഭാ സ്പീക്കർക്കുമാണ് ഇതു സംബന്ധിച്ചുള്ള പൂർണ്ണമായ അധികാരം കൊടുത്തിരിക്കുന്നത്.

ശ്രീ. വി. ജെ. പൗലോസ്: നിയമപരമായി ഡീ-ലിമിറ്റേഷന്റെ കാര്യത്തിൽ ഇടപെടാൻ സർക്കാരിന് അവകാശമില്ലെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. എന്നാൽ നമ്മുടെ ഈ സഭയിൽ ബഹുഭൂരിപക്ഷം വരുന്ന അംഗങ്ങൾക്കും ഡീ-ലിമിറ്റേഷൻ സംബന്ധിച്ച കരടിനെ സംബന്ധിച്ച പരാതികളാണെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തു. ഇപ്പോൾ ജനസംഖ്യാനുപാതികമായി നിശ്ചയിച്ചിട്ടുള്ള പുനഃസംഘടനയിൽ ഒട്ടനവധി അപാകതകൾ കടന്നുകൂടിയിട്ടുണ്ട്. ഭൂമിശാസ്ത്രപരമായി പോലും ഒരു നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന കാര്യത്തിൽ വളരെയധികം വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് എല്ലാവർക്കും ബോദ്ധ്യപ്പെടുകയും അത് പരാതികളായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എനിക്ക് ഇത് സംബന്ധിച്ച് പറയാനുള്ളത്, ഇത് വളരെ ലാഘവമായി എടുക്കേണ്ട കാര്യമല്ല. ഇതിനുമുമ്പ് 1975 എന്നു പറയുമ്പോൾ പത്തു മുപ്പതു വർഷങ്ങൾക്കുമുമ്പ് നടത്തിയിട്ടുള്ള ഡീ-ലിമിറ്റേഷനിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുവാൻ കിട്ടുന്ന അവസരം കൂടുതൽ അപാകതകളോടുകൂടിയ, ഭൂമിശാസ്ത്രപരമല്ലാത്ത, വികസന പ്രവർത്തനങ്ങളെ ബാധിക്കുന്ന നിയോജകമണ്ഡലങ്ങളെത്തന്നെ ഒരു താലൂക്കിൽ ഒതുക്കി നിർത്താമെന്നിരിക്കെ പല താലൂക്കുകളിലും പല ബ്ലോക്ക് പഞ്ചായത്തുകളിലുമായി ഉൾപ്പെടുത്തിക്കൊണ്ട് ഉണ്ടാക്കുന്ന ആ പുനർവിഭജനം ഉണ്ടാക്കുന്ന ഗുരുതരമായ പ്രശ്നം മനസ്സിലാക്കിക്കൊണ്ട്, അതിൽ ഇടപെടാൻ സർക്കാരിന് അധികാരമില്ലെങ്കിലും ഈ സഭയുടെ പൊതുവികാരം ഇലക്ഷൻ കമ്മീഷനെ അറിയിച്ചുകൊണ്ട് ആ നിലയിൽ പരമാവധി കുറ്റമറ്റ ഒരു ക്രമീകരണം ഉണ്ടാക്കുന്നതിന് വേണ്ടിയിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളോട് വിയോജിക്കുന്നില്ല. പക്ഷേ സംസ്ഥാന ഗവൺമെന്റിന് ഇതിനകത്ത് ധാരാളം പരിമിതികളുണ്ട്. ഞാൻതന്നെ ഇതിനകത്ത് ഒരു പരാതിക്കാരനാണ്. പുതുപ്പള്ളി നിയോജകമണ്ഡലം ആലപ്പുഴ പാർലമെന്റ് കോൺസ്റ്റിറ്റ്യുവൻസിയിലായിരുന്നു ആദ്യം

പ്രൊപ്പോസ് ചെയ്തിരുന്നത്. പുതുപ്പള്ളിയും ആലപ്പുഴയും തമ്മിലുള്ള ബന്ധം എന്താണെന്ന് എങ്ങനെ നോക്കിയിട്ടും എനിക്ക് പിടികിട്ടുന്നില്ല. അതുകൊണ്ട് ഇതിനകത്ത് പ്രായോഗികമായ സമീപനം സ്വീകരിക്കണമെന്ന കാര്യത്തിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ആ കാര്യത്തിൽ ഈ സഭയിലെ എല്ലാ വിഭാഗം ആളുകളും യോജിക്കുമെന്നാണ് എന്റെ വിശ്വാസം. അങ്ങനെ നമുക്ക് യോജിച്ചുനിന്ന് ശ്രമിക്കാം. പ്രായോഗികമല്ലാത്ത ഒരു പ്രൊപ്പോസൽ വരുന്നത് ശരിയല്ല. ഞാൻ ഒരു ഉദാഹരണം മാത്രം പറഞ്ഞുവെന്നേയുള്ളൂ. പുതുപ്പള്ളിക്ക് തൊട്ടടുത്താണ് കോട്ടയം. കോട്ടയത്ത് പ്രത്യേകം പാർലമെന്റ് കോൺസ്റ്റിറ്റ്യുവൻസിയുണ്ട്. കഴിഞ്ഞ പ്രാവശ്യം അത് മാറ്റിയെന്നു പറയുന്നു. അത് ഏതായാലും ആദ്യം വന്ന പ്രൊപ്പോസൽ, ഇവിടെ തെളിവെടുപ്പ് നടക്കുന്ന സമയത്ത് ആ കാര്യത്തെക്കുറിച്ച് നമുക്ക് ഗൗരവമായി ആലോചിക്കാം. ഒരു പ്രായോഗികമായ സമീപനം, ഇന്നത്തെ സാമൂഹ്യമായ പശ്ചാത്തലവും ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങളുമൊക്കെക്കൂടി ഉൾക്കൊണ്ടു കൊണ്ടുള്ള ഒരു പുനഃസംഘടനയാണ് നമുക്ക് ആവശ്യം.

ശ്രീ. മത്തായി ചാക്കോ: ഡീ-ലിമിറ്റേഷൻ കമ്മീഷന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ ലോക്സഭയ്ക്ക് ഇതിൽ ഇടപെടാൻ കഴിയുമെന്ന് തോന്നുന്നില്ല. രാഷ്ട്രപതിയുടെ ഒരു വിജ്ഞാപനം മാത്രമേ ഇതിന് ആവശ്യമുള്ളൂ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്ത്യയിലെ വലിയ സ്റ്റേറ്റുകളിൽ ഇതിന്റെ നടപടിക്രമങ്ങൾതന്നെ തുടങ്ങിയിട്ടില്ല എന്നുള്ളത് മനസ്സിലാക്കണം. അഞ്ചു സ്റ്റേറ്റുകൾ മാത്രമാണ് ഇത് പൂർത്തീകരിക്കുന്നത്. അതുകൊണ്ട് രാജ്യത്തിനാകെ ബാധകമാകുന്ന രീതിയിലുള്ള ഒരു സ്ഥിതി ഉണ്ടാക്കണമെന്ന നിലയ്ക്ക് വല്ല നിർദ്ദേശവും നല്കാൻ സ്റ്റേറ്റ് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? അതുപോലെതന്നെ സ്റ്റേറ്റ് തെരഞ്ഞെടുപ്പ് കമ്മീഷന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ ഈ പറഞ്ഞ പരാതികളുമായി ബന്ധപ്പെട്ടുകൊണ്ട് നല്കാൻ വേണ്ടി ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്നുള്ള കാര്യം ഇവിടെ വ്യക്തമാക്കാമോ?

ശ്രീ. ഉമ്മൻ ചാണ്ടി : അദ്ദേഹം ഒരു ഇൻഡിപെൻഡന്റ് അംഗമാണ്. ഗവൺമെന്റിന് കീഴിലുള്ള ഒരു ഉദ്യോഗസ്ഥനല്ല. അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായിട്ടുള്ള നിലപാടേ സ്വീകരിക്കുവാൻ പറ്റുകയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പോയിന്റ്, ഞാൻ നേരത്തേ പറഞ്ഞു, യഥാർത്ഥത്തിൽ ഇത് ഇന്ത്യ ഒട്ടാകെ ഒന്നിച്ചു നടപ്പിലാക്കുകയാണ് വേണ്ടത്. ഇത് ലോക്സഭയുടെ മേശപ്പുറത്തുവച്ച് ലോക്സഭ അംഗീകരിക്കുന്നതിന് അനുസരിച്ച് പ്രായോഗികതലത്തിൽ വരുകയാണ്. പക്ഷേ മേശപ്പുറത്തുവച്ചാൽ മതി, ലോക്സഭ പാസ്സാക്കണമെന്നില്ല. ഇത് ലോക്സഭയുടെ മേശപ്പുറത്തുവച്ചു കഴിഞ്ഞാൽ അത് നടപ്പാക്കുന്നതിന് തുല്യമാണ്. പക്ഷേ രാഷ്ട്രപതി ഒപ്പുവച്ചാൽ മതിയാകും. അതുകൊണ്ട് കഴിഞ്ഞ പ്രാവശ്യം നടപ്പിലാക്കിയതുപോലെ ഇന്ത്യ ഒട്ടാകെ ഇത് നടപ്പിലാക്കണമെന്നുള്ള ആ ഒരു സമീപനം, അത് ഈ സഭയുടെ എല്ലാ ഭാഗത്തും ഇതിനോട് യോജിപ്പുണ്ടെങ്കിൽ ഈ കാര്യത്തിൽ ഗവൺമെന്റ് മുൻകയ്യെടുക്കുവാൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. എം. സാഹിർ: ഭൂമിശാസ്ത്രപരമായി കേരളത്തിലെ ഗ്രാമങ്ങളും രാജസ്ഥാനിലെ ഗ്രാമങ്ങളുമായി വലിയ അന്തരമുണ്ട്. ഇവിടെ ഒരു പഞ്ചായത്തിൽ നാല്പത്തി അയ്യായിരം ആളുകൾ ഉള്ളപ്പോൾ അവിടെ ഒരു പഞ്ചായത്തിൽ മൂവായിരം ആളുകളാണ് ഉണ്ടാകുക. ഇപ്പോൾ ജനസംഖ്യാനുപാതത്തിൽ ഭാഗിക്കുമ്പോൾത്തന്നെ ഇന്ത്യയെ അടിസ്ഥാനമാക്കി ഭാഗിക്കുന്നത് കേരളത്തിന് വലിയ പ്രതികൂല സാഹചര്യമാണ്. നമ്മുടെ മെമ്പർമാരെല്ലാം അതിനെക്കുറിച്ച് ബോധ്യമുള്ളവരാണ്. പക്ഷേ കേന്ദ്രത്തിന് അത് അറിയണമെന്നില്ല. അതു മുൻകൂട്ടിക്കണ്ട് നിയമത്തിൽ വ്യത്യാസം വരുത്താൻ അങ്ങ് ശ്രമിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: നമ്മുടെ ടോട്ടൽ നമ്പർ കൂടുന്നില്ല. അത് ഭരണഘടന പ്രകാരം 2025 വരെ ഇന്ത്യയിൽ പാർലമെന്റ് നിയോജകമണ്ഡലങ്ങളുടേയും ലോക്സഭ നിയോജകമണ്ഡലങ്ങളുടേയും അസംബ്ലി നിയോജകമണ്ഡലങ്ങളുടേയും എണ്ണം കൂടാൻ പാടില്ല. അല്ലെങ്കിൽ അതു മാറ്റി പുതിയ ഒരു അമെന്റ്മെന്റ് കൊണ്ടു വരണം. ഇടയ്ക്കുവച്ച് ഡീ-ലിമിറ്റേഷൻ ആകാം. അത് ഇല്ലാത്തിടത്തോളംകാലം നമുക്ക് നമ്പർ കൂട്ടാൻ പറ്റുകയില്ല. അപ്പോൾ ടോട്ടൽ നിയോജകമണ്ഡലത്തെ മൊത്തത്തിലുള്ള ജനസംഖ്യകൊണ്ട് ഹരിച്ചു കിട്ടുന്ന ആ സംഖ്യ വച്ചുകൊണ്ട് ചെയ്യാനേ പറ്റുകയുള്ളൂ. അതിപ്പോൾ കേരളത്തിനും തമിഴ്നാടിനും കർണ്ണാടകയ്ക്കും ബീഹാറിനുമെല്ലാം വ്യത്യാസമായിട്ടുള്ളതായിരിക്കും വരുന്നത്. അപ്പോൾ ജനസംഖ്യയെന്നുപറയുന്നത്, ഇപ്പോഴുള്ള നിയോജകമണ്ഡലങ്ങൾകൊണ്ട് ഹരിച്ചു കിട്ടുന്ന ആ സംഖ്യയാണ് ആവറേജായി വരുന്നത്. അതുവച്ചു നോക്കുമ്പോഴാണ് കേരളത്തിൽ രണ്ടു ലക്ഷം മിനിമവും 2.5 ലക്ഷം മാക്സിമവും എന്നു വച്ചിരിക്കുന്നത്.

ശ്രീ. രാജു എബ്രഹാം: സർ, ഇലക്ഷൻ കമ്മീഷൻ എന്നു പറഞ്ഞാൽ ഇപ്പോൾ ഞങ്ങളുടെ നാട്ടിൽ കൊച്ചുകുട്ടികൾപോലും ഞെട്ടി ഉണരുകയാണ്. പത്തനംതിട്ട ജില്ലയെ കീറിമുറിച്ച് വികൃതമാക്കി. റാന്നി എന്നു പറയുന്ന പ്രദേശം കോന്നി നിയോജകമണ്ഡലത്തിലാണ്. റാന്നിയിലെ കോന്നി നിയോജകമണ്ഡലത്തിന്റെ വിസ്തീർണ്ണം ആലപ്പുഴ ജില്ലയേക്കാൾ വലിപ്പമാണ്. ഇരുന്നൂറു കിലോമീറ്റർ യാത്ര ചെയ്തെങ്കിൽ മാത്രമേ സീതത്തോട്ടിൽ ഗവി എന്നു പറയുന്ന പ്രദേശത്തുനിന്ന് ആസ്ഥാനത്ത് എത്തുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് പരാതിയുള്ള സ്ഥലങ്ങളുണ്ട്. പരാതിയില്ലാത്ത സ്ഥലങ്ങളുണ്ട്. പരാതിയുള്ള സ്ഥലങ്ങളിലെ വികസനത്തെ തകർക്കുന്ന കാഴ്ചപ്പാടിനെതിരെ ഒരു അഭിപ്രായം രൂപീകരിക്കുവാൻ ഗവൺമെന്റിന് കഴിയണമെന്നുള്ളതാണ്. അതിന് അങ്ങേയ്ക്ക് എന്തു ചെയ്യാൻ കഴിയും?

ശ്രീ. ഉമ്മൻ ചാണ്ടി: കൊച്ചു കുട്ടികളാണോ ഞെട്ടി ഉണരുന്നത്? നമ്മൾ എം.എൽ.എ. മാർ ഞെട്ടിയുണരാറുണ്ട്. ഞാൻ സമ്മതിക്കുന്നു. അങ്ങിവിടെ പറഞ്ഞ അഭിപ്രായത്തോട് യോജിക്കുകയാണ്. പത്തനംതിട്ട നിയോജകമണ്ഡലത്തിൽത്തന്നെ 7 അസംബ്ലി കോൺസ്റ്റിറ്റ്യൂവൻസിയാണ്. അതിൽ രണ്ടെണ്ണം കുറയുകയാണ്. ആകെ ജില്ലയുടെ തന്നെ ഇന്നത്തെ നിയോജകമണ്ഡലങ്ങളുടെ കണക്കിന് വളരെയേറെ മാറ്റം വന്നിട്ടുണ്ട്. ഈ സഭയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാവരുമായി ചർച്ച ചെയ്യാൻ തയ്യാറാണ്. നമുക്ക് യോജിപ്പുണ്ടെങ്കിൽ, ഇതിൽ നിയമപരമായി സ്റ്റേയില്ല. ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും യോജിപ്പുണ്ടെങ്കിൽ നമ്മുടെ പൊതുവായിട്ടുള്ള നിർദ്ദേശങ്ങൾ പറയുന്നതിനും അതിന് മുൻകൈ എടുക്കുന്നതിനും ഗവൺമെന്റ് തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഡീ-ലിമിറ്റേഷൻ കമ്മീഷനിൽ ഞാൻ എക്സ്-ഒഫീഷ്യോ മെമ്പറാണ്. ആളുകളുടെ ധാരണ ഞാനാണ് ഇത് തയ്യാറാക്കുന്നത് എന്നാണ്. ഇതിൽ എക്സ്-ഒഫീഷ്യോ മെമ്പറായിട്ടുള്ള എന്റെ സീറ്റുപോലും വെട്ടിമുറിച്ചിരിക്കുകയാണ്. തലശ്ശേരി വെട്ടിമുറിച്ചിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ വർക്കിംഗ് പേപ്പർ മാത്രമേ തയ്യാറായിട്ടുള്ളൂ. വർക്കിംഗ് പേപ്പറിന്റെ അടിസ്ഥാനത്തിൽ എക്സ്-ഒഫീഷ്യോ മെമ്പർമാരുമായി വിവിധ ഘട്ടങ്ങളിൽ ചർച്ച നടന്നു. ആ ചർച്ചക്കുശേഷം പല രൂപത്തിലുള്ള മാറ്റങ്ങൾ വന്നു. ഇപ്പോൾ കഴിഞ്ഞ യോഗത്തിൽ മുഖ്യമന്ത്രി പറഞ്ഞതുപോലെ 26-ാം തീയതി തീരുമാനിച്ച ഡ്രാഫ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ആ ഡ്രാഫ്റ്റിനെ സംബന്ധിച്ച് ഞങ്ങൾ എക്സ്-ഒഫീഷ്യോ മെമ്പർമാർക്ക് വ്യത്യസ്ത അഭിപ്രായമുണ്ട്. അസോസിയേറ്റ് മെമ്പർമാരുടെ വ്യത്യസ്ത അഭിപ്രായം ഡിസന്റായി എഴുതിക്കൊടുക്കാൻ അവർ ആവശ്യപ്പെട്ടിട്ടുണ്ട്. അപ്പോൾ ഞങ്ങളുടെ ഡിസന്റും ഇത് തയ്യാറാക്കിയതിലുള്ള ഡ്രാഫ്റ്റും കൂടിച്ചേർന്നു കൊണ്ടാണ് പ്രസിദ്ധീകരിക്കാൻ പോകുന്നത്. അത് പ്രസിദ്ധീകരിച്ചതിനുശേഷം ആളുകൾക്കെല്ലാം ഇത് സംബന്ധിച്ചുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഉണ്ട്. ഏപ്രിൽ 23, 24, 25 തീയതികൾ ഇതിനായി നിശ്ചയിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിൽ നമ്മൾ ഇടപെടേണ്ടതായി വരും. കേരളത്തിൽ വരുമ്പോൾ മലപ്പുറം ജില്ലയിൽ നാല് സീറ്റ് കൂടും, കണ്ണൂർ ജില്ലയിൽ ഒന്ന് കൂടും, കോഴിക്കോട് ഒന്ന് കൂടും, പാലക്കാട് ഒന്ന് കൂടും. പഴയ മലബാറിൽ ഏഴ് സീറ്റ് വർദ്ധിക്കും തിരുവനന്തപുരം-കൊച്ചി പ്രദേശത്തെ ഏഴ് സീറ്റ് കുറയുകയും ചെയ്യും. ഇത് സംബന്ധിച്ച് ഇവിടെവന്ന പ്രശ്നം ആക്ട് രൂപീകരിക്കുന്ന സന്ദർഭത്തിൽ വന്ന അപാകതയാണ്. സംസ്ഥാനത്തുള്ള നിയോജകമണ്ഡലങ്ങളുടെ എണ്ണം അതേപടി നിലനിർത്തി. അതിന്റെയടിസ്ഥാനത്തിൽ ജനസംഖ്യാടിസ്ഥാനത്തിൽ വിഭജിക്കണമെന്ന് പറഞ്ഞപ്പോഴാണ് ഇത് സംഭവിച്ചിരിക്കുന്നത്. അതുകൊണ്ട് ജില്ലകളിലുള്ള സീറ്റ് അതേപടി നിലനിർത്തിയാൽ ആ ജില്ലയിലെ ജനസംഖ്യാനുപാതം അനുസരിച്ച് നമുക്ക് വിഭജിക്കാൻ സാധിക്കും. അത്തരത്തിൽ മാറ്റണമെങ്കിൽ ആക്ട് ഭേദഗതി ചെയ്യണം. അത് ഭേദഗതി ചെയ്യണമെങ്കിൽ പാർലമെന്റിന് മാത്രമേ സാധിക്കുകയുള്ളൂ. നിലവിലുള്ള ആക്ട് അനുസരിച്ച് പ്രവർത്തിക്കാൻ മാത്രമേ ഇപ്പോഴത്തെ കമ്മീഷനും എക്സ്-ഒഫീഷ്യോ മെമ്പർമാർക്കും കഴിയൂ. ഇതിൽ ഇടപെട്ട് എന്ത് ചെയ്യാൻ സാധിക്കുമെന്ന് മുഖ്യമന്ത്രിയും ഗവൺമെന്റും ആലോചിക്കേണ്ടതാണ്.

മി. സ്പീക്കർ: നമ്മുടെ എക്സ്-ഒഫീഷ്യോ മെമ്പർമാർക്കെല്ലാവർക്കുംകൂടി യോജിച്ച് ഒരു തീരുമാനം എടുക്കാൻ പറ്റുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനകത്ത് വളരെ കാതലായ പോയിന്റുണ്ട്. ഈ ആക്ട് പാസ്സാക്കുമ്പോൾ ഇത് നാടൊട്ടാകെ ബാധകമല്ല. ഓരോ സംസ്ഥാനത്തും പാർലമെന്റ് കോൺസ്റ്റിറ്റ്യൂവൻസി പ്രൊട്ടക്റ്റ് ചെയ്ത് കൊടുത്തിരിക്കുകയാണ്. ജനസംഖ്യ കൂടുന്നതിനും കുറയുന്നതിനുമനുസരിച്ച് സംസ്ഥാനത്തേയും പാർലമെന്റ് സീറ്റുകൾ കൂടുകയോ കുറയുകയോ ചെയ്യുന്നുണ്ട്. ഇത് ആക്ട് പ്രകാരമാണ്. അതേ സമയത്ത് ജില്ലകളിലെ സ്ഥിതി അതല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് സ്റ്റേറ്റുകളിൽ കൊടുത്ത പ്രൊട്ടക്ഷൻ ജില്ലകളിൽക്കൂടി വേണമെന്നാണ്. അത് ഈ സഭയുടെ എല്ലാഭാഗത്തുനിന്നും ഇതിനോട്

യോജിക്കുന്നുവെങ്കിൽ നമുക്ക് വേണമെങ്കിൽ അതിന് നിർദ്ദേശം വയ്ക്കാം. പക്ഷെ സംസ്ഥാന ഗവൺമെന്റിന് ഔദ്യോഗികമായി ഇതിനകത്ത് ഇടപെടാൻ അവകാശമില്ല. പക്ഷെ നമ്മുടെ അഭിപ്രായം, നമുക്ക് യോജിപ്പ് ഉണ്ടെങ്കിൽ അത് പറയാൻ സാധിക്കും. ഇവിടെ ഉയർന്നുവന്നിരിക്കുന്നത് രണ്ട് പ്രശ്നങ്ങളാണ്, ഒന്ന് പാർലമെന്റ് സീറ്റുകളുടെ കാര്യത്തിൽ സ്റ്റേറ്റുകൾക്ക് കൊടുത്ത പ്രൊട്ടക്ഷൻ ജില്ലകൾക്ക് കൂടി കൊടുക്കണമോ എന്നുള്ളത്. അത് കൊടുക്കാനാണെങ്കിൽ ഭരണഘടനാ ഭേദഗതി തന്നെ വേണ്ടിവരും. ഇന്നത്തെ പദ്ധതിയനുസരിച്ച് ചെയ്യാൻ നിവൃത്തിയില്ല. അത് എത്രമാത്രം നമുക്ക് ചെയ്യാൻ സാധിക്കുമെന്നുള്ളത് അറിയില്ല. രണ്ടാമത്, നടപ്പിലാക്കുന്നതിന് ഓരോരോ സ്റ്റേറ്റുകൾക്ക് പ്രത്യേകം പ്രത്യേകം നടപ്പിലാക്കുന്നോ എന്നുള്ളതാണ്. ഇതുവരെ ആൾ ഇൻഡ്യാ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള ഡീ-ലിമിറ്റേഷൻ ഒരേ സമയത്താണ് നടന്നിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതാണ് ഇപ്രാവശ്യവും അങ്ങനെ മതിയോ അതോ സ്റ്റേറ്റ് അടിസ്ഥാനത്തിൽ മതിയോ; അതിൽ ഭരണഘടനാ ഭേദഗതി ആവശ്യമില്ല. ലോക്സഭയ്ക്കും കേന്ദ്രഗവൺമെന്റിനും, ഇലക്ഷൻ കമ്മീഷനുമൊക്കെക്കൂടി വേണമെങ്കിൽ തീരുമാനിക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നമ്മുടെ സംസ്ഥാനത്ത് മുൻപൊക്കെ ഡീ-ലിമിറ്റേഷൻ നടത്തുമ്പോൾ-കഴിഞ്ഞ ഡീ-ലിമിറ്റേഷൻ കമ്മിറ്റിയിൽ ഞാൻ അസോസിയേറ്റ് മെമ്പറായിരുന്നു—റവന്യൂ വകുപ്പിനാണ് അതിനെപ്പറ്റി അറിയാവുന്നത്.. ശ്രീ. രാജു എബ്രഹാം പറഞ്ഞ അപകടം ഉണ്ടാകാതിരിക്കാൻ കാര്യങ്ങൾ അവർക്കാണ് അറിയാവുന്നത്. റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും തൊട്ടടുത്ത പഞ്ചായത്തുകൾ സൗകര്യപ്രദമായ നിയോജകമണ്ഡലങ്ങളിലേക്കാക്കി വയ്ക്കുകയും ഇത് പ്രാഥമികമായി ചർച്ച ചെയ്യുകയും വേണം. ജനങ്ങളുടെ പരാതി കേട്ടതിനുശേഷം പൂർത്തീകരിക്കുകയുമാണ് ചെയ്യുന്നത്. അസോസിയേറ്റ് മെമ്പറിന് അധികാരമൊന്നുമില്ല. അധികാരം മുഴുവൻ കുൽദീപ്സിംഗ് കമ്മീഷനാണ്. പക്ഷെ ഇവിടെ ഇത് എങ്ങനെ വന്നുവെന്നറിഞ്ഞുകൂടാ. സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ ഇതിനകത്ത് എങ്ങനെ വന്നുവെന്നുള്ളതാണ് പ്രധാന പ്രശ്നം. ഇത് ഇവിടെ ആരും ഉന്നയിച്ചില്ല. സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷന് ഇതിൽ എന്താണ് അധികാരം? എന്താണ് പദവി? ഇവിടെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ബ്ലോക്ക്-പഞ്ചായത്ത് മറ്റ് ജില്ലാ പഞ്ചായത്ത് ഇതിനുവേണ്ടി ഉണ്ടാക്കിയ കമ്മീഷൻ ഇതുമായി എങ്ങനെ ബന്ധപ്പെട്ടു? ആരാണ് ബന്ധപ്പെടുത്തിയത്? അവർക്ക് അതിനുള്ള അധികാരമുണ്ടോ എന്നുള്ളത് ആരും പരിശോധിച്ചിട്ടില്ല. ഞാൻ പരിശോധിച്ചതിൽ എന്റെ വിശ്വാസം അവർക്ക് ഇടപെടാനുള്ള കാര്യമില്ല, പ്രത്യേകമായ ലക്ഷ്യത്തിനുവേണ്ടി അവരെ വച്ചിരിക്കുകയാണ്. എനിക്ക് എവിടെയായാലും ഒന്നുമില്ല. എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ പോകണമെങ്കിൽ രണ്ട് പഞ്ചായത്തിൽ കയറിയിട്ടാണ് പോകേണ്ടത്. പക്ഷെ ഇങ്ങനെ ഒരു ഡീ-ലിമിറ്റേഷൻ ഉണ്ടാക്കുന്നതിനെപ്പറ്റി അറിഞ്ഞുകൂടാത്ത ഒരു സംസ്ഥാന തെരഞ്ഞെടുപ്പ്, കമ്മീഷനെ നിയമിച്ചതും ഇടപെടലും ശരിയാണോ എന്ന് ജനപ്രതിനിധികളെ വിളിച്ചുകൂട്ടുന്നതിനുമുൻപ് ഗവൺമെന്റ് ആലോചിക്കണം. ഇങ്ങനെ ആലോചിച്ച് ഇതിന് ഒരു പരിഹാരം ഉണ്ടാക്കണം. വളരെ വ്യാപകമായ പരാതിയുണ്ട്. കൊല്ലം ജില്ലയിലെ കുന്നത്തൂർ നിയോജകമണ്ഡലത്തിൽ കല്ലടയാറും കഴിഞ്ഞ് കൊട്ടാരക്കര താലൂക്കിൽ കയറി പഞ്ചായത്തെടുത്തിരിക്കുകയാണ്. അത് അസൗകര്യമുള്ള

കാര്യമാണ്. ഒരുപാട് കുഴപ്പങ്ങളുണ്ട്. എന്താണ് ചെയ്യേണ്ടതെന്ന് മുഖ്യമന്ത്രി എല്ലാവരേയുംകൂടി വിളിച്ചുകൂട്ടി, കക്ഷികളുടെ പ്രതിനിധികളെയെങ്കിലും വിളിച്ചുകൂട്ടി ഇക്കാര്യം ആലോചിക്കണം. അസോസിയേറ്റ് മെമ്പർമാരുടെ ഒരു യോഗം വിളിച്ചുകൂട്ടണം. പ്രതിപക്ഷ നേതാവുമായിട്ടു കൂടി ആലോചിച്ച് പാർലമെന്റിലേയും നിയമസഭയിലേയും അസോസിയേറ്റ് മെമ്പർമാരെ വിളിച്ചുകൂട്ടി പ്രഷർ ചെലുത്തിയാൽ അക്കാര്യത്തിൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ ഇതിൽനിന്ന് നിർബന്ധമായും മാറ്റി നിർത്തണമെന്നുള്ളതാണ് ഇതിനെക്കുറിച്ച് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: മാറ്റി നിർത്താൻ നിവൃത്തിയില്ല. ഭരണഘടനാ ഭേദഗതിയനുസരിച്ച് ലോക്സഭ പാസാക്കിയ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള കമ്മീഷനാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് യാഥാർത്ഥ്യമാണ്. റവന്യൂ ഉദ്യോഗസ്ഥൻമാരോ ഇവിടുത്തെ യാഥാർത്ഥ്യമറിയാവുന്നവരോ അംഗീകരിച്ചിട്ടുള്ളതാണെന്ന് എനിക്ക് തോന്നുന്നില്ല. ഇതിന്റെ മാപ്പ് കണ്ടാൽ ഒരു ഏരിയൽ സർവ്വേ നടത്തി നിയോജകമണ്ഡലം നിശ്ചയിച്ചതുപോലെ തോന്നും. കാരണം പുതുപ്പള്ളിയും ഏറ്റുമാനൂരും വൈക്കവും ആലപ്പുഴയിലും, ഇടുക്കിയും പൂഞ്ഞാറും കടുതുരുത്തിയും കോട്ടയത്തുമായിട്ടുമാണ് വന്നിരിക്കുന്നത്. ഈ നിയോജക മണ്ഡലങ്ങളുടെ ഇടയ്ക്കാണ് ഇത് കിടക്കുന്നത്. അതേ സമയത്ത് മാപ്പ് കണ്ടാൽ വളരെ ക്ലിയറാണ് മാപ്പ് വരുമ്പോൾ ഇങ്ങനെ അങ്ങ് കിടക്കും. അതിന് കുഴപ്പമില്ല. അതുകൊണ്ട് അങ്ങ് പറഞ്ഞ അഭിപ്രായം ശരിയാണ്. ഇവിടെ വന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഈ സഭയിലുള്ള കക്ഷി നേതാക്കൻമാരേയും ഈ സഭയിൽനിന്നുള്ള അസോസിയേറ്റ് മെമ്പർമാരേയും ഒന്നിച്ച് വിളിച്ചിട്ട് ആശയ വിനിമയം നടത്താം. ഈ സഭയിൽനിന്നുള്ള അഞ്ച് അംഗങ്ങളും കക്ഷിനേതാക്കളുംകൂടി കൂടിയിട്ട് നമുക്ക് ഇക്കാര്യത്തിൽ ഐകകണ്ഠ്യേനയുള്ള അഭിപ്രായം ആണെങ്കിൽ നമുക്ക് ഇതിൽ ഇടപെടാനുള്ള ധാർമ്മികമായ അവകാശമുണ്ടെന്ന് തോന്നുന്നു. ഇക്കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, ഈ നിയോജക മണ്ഡല പുനഃക്രമീകരണം വെറും മാറ്റത്തിന് വേണ്ടി മാറ്റാം. ഇപ്പോൾ കൊല്ലങ്കോട് നിയോജക മണ്ഡലമെടുത്താൽ മുമ്പ് നിലവിലുള്ള പഞ്ചായത്തുകൾ കൂടാതെ ഒരു പഞ്ചായത്തിൽ ഒരു പേരുമാറ്റം "നെൻമാറ". അപ്പോൾ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടി ഒരു പേരു മാറ്റുന്നതുപോലെ തോന്നാം. അതുപോലെ പാർലമെന്റ് കോൺസ്റ്റിറ്റ്യൂവൻസീസ് പാലക്കാടും, തൃശ്ശൂരും ചേർന്ന് 2 കോൺസ്റ്റിറ്റ്യൂവൻസിയാണ്. നമുക്ക് സംവരണം തീർച്ചയായും വേണം. പക്ഷേ 2 കോൺസ്റ്റിറ്റ്യൂവൻസിയും സംവരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അപ്പോൾ നീതിയും ന്യായവുമായ നിലയിൽ ഈ വിഭജനം നടത്തുന്നതാണ് എന്തുകൊണ്ടും അഭികാമ്യമായിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇതിൽ ഭരണ പ്രതിപക്ഷ ഭേദമന്യേ ഈ സഭയിലെ ബന്ധപ്പെട്ട ആളുകൾ ഒന്നിച്ചിരുന്ന് മാറ്റത്തിന് വേണ്ടിയല്ലാതെ യഥാർത്ഥസ്ഥിതി മനസ്സിലാക്കിക്കൊണ്ടുള്ള ഒരു പുനഃക്രമീകരണം നടത്താൻ ഗവണ്മെന്റ് ആലോചിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: എല്ലാപേരുമായിട്ട് ആലോചിച്ച് ചെയ്യാം. റിസർവേഷൻ സീറ്റുകൾ നിശ്ചയിച്ചതും ഇതുപോലുള്ള മാനദണ്ഡങ്ങൾ വച്ച് റിസർവേഷന്റെ ജനസംഖ്യാ അടിസ്ഥാനത്തിലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് പല വിധത്തിലുള്ള ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിലും ചർച്ചയുടെ അടിസ്ഥാനത്തിൽ പരിഹരിക്കാം.

ഡോ. കെ. സി. ജോസഫ്: ഇപ്പോൾ നടക്കുന്ന ഈ ചർച്ച ബസ് വിട്ടതിനുശേഷം കൈകാണിക്കുകയാണോ എന്നെനിക്കറിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കേരളത്തിന്റെ ജനസംഖ്യയെ 140 കൊണ്ട് ഹരിച്ചു കിട്ടുന്ന ശരാശരി വച്ചാണ് നിയോജകമണ്ഡലം പുനഃക്രമീകരിക്കുന്നത് എന്നാണ്. പ്ലസ് ഓർ മൈനസ് 10% ആ ഒരു മാനദണ്ഡം സ്വീകരിച്ച് ജില്ലാടിസ്ഥാനത്തിൽ, സംസ്ഥാനാടിസ്ഥാനത്തിൽ 140 കൊണ്ട് ഹരിച്ചു. എന്നിട്ട് ജില്ലയിൽ ആ സംഖ്യ കൊണ്ട് ഹരിച്ചു. അതിനുപകരമായി പോപ്പുലേഷൻ കൺട്രോളിന് നടപടി സ്വീകരിച്ച സംസ്ഥാനങ്ങൾക്ക് ദോഷം വരാതെയുള്ള രീതിയിൽ സീറ്റുകളുടെ എണ്ണം നിജപ്പെടുത്തി, നിലനിർത്തിയതുപോലെ ചെയ്യുന്നതിന് ഗെയിനേഴ്സായിട്ടുള്ള ജില്ലകളിൽ പ്ലസ് 10% വച്ചിട്ടുള്ള നിയോജക മണ്ഡലങ്ങൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയും, നഷ്ടമുണ്ടാകുന്ന ജില്ലകളിൽ പോപ്പുലേഷൻ കൺട്രോൾ നന്നായി നടത്തിയ ജില്ലകളിൽ മൈനസ് 10 വച്ചിട്ടുള്ള നിയോജകമണ്ഡലങ്ങൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയും ചെയ്തിരുന്നെങ്കിൽ ഈ മാനദണ്ഡങ്ങൾ ഒന്നും മാറ്റാതെ തന്നെ ആകെ ആലപ്പുഴയിലും, പത്തനംതിട്ടയിലും ഓരോ സീറ്റുകൾ കുറയുകയും മലപ്പുറത്തെ 2 സീറ്റ് കൂടുകയും വലിയ ഡിസ്റ്റർബൻസ് കൂടാതെ കഴിയുമായിരുന്നു. ഇലക്ഷൻ കമ്മീഷനുമുൻപിൽ മറ്റൊരു സ്ഥലത്തും വ്യത്യാസം വരില്ലായിരുന്നു. ഇലക്ഷൻ കമ്മീഷനു മുൻപിൽ പരിഗണനയ്ക്കു വച്ചതുമാണ്, അതുപോലും പരിഗണിക്കപ്പെടാതെ ഈ നിലയിൽ തീരുമാനം എടുത്തിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇതിന് മാറ്റം വരുത്താൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കരുതുന്നുണ്ടോ.

ശ്രീ. ഉമ്മൻ ചാണ്ടി. അന്നും ഈ കമ്മീഷനിൽ ചെയ്യാനൊക്കില്ല. കാരണം പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ പരിധിയിൽ വരുമ്പോൾ ജില്ലയ്ക്ക് ആ പ്രൊട്ടക്ഷനില്ല. സ്റ്റേറ്റിനു മാത്രമെ പ്രൊട്ടക്ഷനുള്ളു. അങ്ങ് പറഞ്ഞ അഭിപ്രായത്തിന് നിയമപരമായിട്ട് ഒന്നും ചെയ്യാൻ പറ്റില്ല. ഈ സഭ ഒന്നായിട്ടാണ് പറയുന്നതെങ്കിൽ കേന്ദ്രത്തിൽ ഇതിന്റെ പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടുകൾ ഇലക്ഷൻ കമ്മീഷനെയും കേന്ദ്രഗവണ്മെന്റിനേയും ബോദ്ധ്യപ്പെടുത്താൻ വേണ്ടിയിട്ട് നമുക്ക് ശ്രമിക്കാം.

മി. സ്പീക്കർ. പാർലമെന്റ് നിയമം പാസ്സാക്കുമ്പോൾ പാർലമെന്ററി കോൺസ്റ്റിറ്റ്യുവൻസീസിനെ ബാധിക്കാത്ത വിധത്തിൽ അവർ ശ്രദ്ധിച്ചു. പ്രക്ഷേ ഇവിടത്തെ കാര്യത്തിൽ നമ്മൾ അത് പോയിന്റ് ഔട്ട് ചെയ്യണം എന്നതാണ് പ്രശ്നം.